**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** | **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് -19 വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതേവരെ കോവിഡ്-19 എത്ര പേരിൽ ആണ് സ്ഥിരീകരിച്ചിട്ടുള്ളത്; ഏജ് ഗ്രൂപ്പ് തിരിച്ച് ശതമാനക്കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022 ഫെബ്രുവരി 14-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 64,16,372 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത് .ഏജ് ഗ്രൂപ്പ് തിരിച്ചുള്ള ശതമാനക്കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് വാക്സിനേഷൻ സ്വീകരിച്ച മുതിർന്നവരുടെയും, കുട്ടികളുടെയും എണ്ണവും ശതമാനക്കണക്കും ലഭ്യമാക്കാമോ; | (ബി) | 14/02/2022 വരെ വിവിധ പ്രായക്കാർക്കുള്ള കോവിഡ് വാക്സിനേഷൻ കവറേജ് ചുവടെ ചേർത്തിരിക്കുന്നു. 15-17 വയസ്സുവരെ പ്രായമുള്ളവരിൽ ഒന്നാം ഡോസ് സ്വീകരിച്ചവർ 11,47,430 (75%) ഉം രണ്ടാം ഡോസ് സ്വീകരിച്ചവർ 2,36,298 (15%) ഉം ആണ്. 18 വയസ്സിനു മുകളിലുള്ളവരിൽ ഒന്നാം ഡോസ് സ്വീകരിച്ചവർ 2,68,68,122 (101%) ഉം രണ്ടാം ഡോസ് സ്വീകരിച്ചവർ 2,27,94,810 (85%) ഉം മുൻകരുതൽ ഡോസ് സ്വീകരിച്ചവർ 8,13,035 (43% of the eligible) ആണ്. |
| (സി) | സംസ്ഥാനത്തെ കോവിഡ് രോഗികളിൽ കോവിഡാനന്തര രോഗം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇത്തരം ആളുകളുടെ വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ ഇവ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോവിഡ് രോഗികളിൽ കോവിഡാനന്തര രോഗം സംബന്ധിച്ച് Persistence Of Symptoms After Acute Covid – 19 infection- An experience From A Tertiary Care Centre in South Asia എന്ന പഠനം നടത്തിയിട്ടുണ്ട്. കോവിഡ് ബാധിച്ച് 28 ദിവസങ്ങൾക്ക് ശേഷമുള്ള കോവിഡാനന്തര രോഗത്തെ സംബന്ധിച്ചാണ് പഠനം നടത്തിയത്. തിരുവനന്തപുരം, കോട്ടയം, കൊല്ലം മെഡിക്കൽ കോളേജുകളിൽ പഠനം നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ മൂന്ന് ഡോക്ടർമാർ ഇത് സംബന്ധിച്ച് പഠനം നടത്തുന്നു. പി.ജി വിദ്യാർത്ഥികളുടെ തീസിസിന്റെ ഭാഗമായി കോവിഡാനന്തര രോഗത്തെ സംബന്ധിച്ച് പഠനം നടക്കുന്നുണ്ട്. കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ പോസ്റ്റ് കോവിഡ് സിൻഡ്രോമിന് |

| | | | |
|---|---|---|---|
| | | | ചികിത്സ തേടുന്ന രോഗികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും പഠിക്കുന്നതിനായി രണ്ട് ഗവേഷണ പ്രവർത്തനങ്ങൾക്ക് അനുമതി തേടിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു അദ്ധ്യാപിക വ്യക്തിഗതമായി കോവിഡാനന്തര രോഗലക്ഷണങ്ങളെ കുറിച്ച് പഠനം നടത്തുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് ക്ലീനിക്കുകൾ ആരംഭിച്ച് കൃത്യമായി പ്രവർത്തിച്ചു വരുന്നു. ഡിസ് ചാർജ് ആയ, കോവിഡ് രോഗികൾക്ക് വിശദമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെട്ടാലോ, ഇല്ലെങ്കിലോ രണ്ടാഴ്ച ആകുമ്പോൾ പോസ്റ്റ്കോവിഡ് ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്ക് ഒ.പി പ്രവർത്തിക്കുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ കണ്ടുപിടിക്കുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ഉറപ്പു വരുത്തുന്നുണ്ട്. പോസ്റ്റ് കോവിഡ് ഒ.പിയിൽ കണ്ട ഒരു രോഗിക്ക് എന്തെങ്കിലും കോംപ്ലിക്കേഷൻ സങ്കീർണ്ണമായി കണ്ടെത്തിയാൽ ഉടൻ തന്നെ അത് സ്പെഷ്യാലിറ്റിയുടെ സഹായത്തോടെ വിദഗ്ധ ചികിത്സ ലഭ്യമാക്കാവുന്നതാണ്. മെഡിക്കൽ കോളേജിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും ആവശ്യാനുസരണം ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Age Group | Total Cases | Percentage |
|---|---|---|
| 0-10 | 4,80,720 | 7.49% |
| 11-20 | 7,55,004 | 11.76% |
| 21-30 | 11,80,607 | 18.39% |
| 31-40 | 11,63,900 | 18.14% |
| 41-50 | 10,40,987 | 16.22% |
| 51-60 | 8,61,619 | 13.42% |
| 61-70 | 5,75,427 | 8.96% |
| 71-80 | 2,58,362 | 4.02% |
| 81-90 | 85,810 | 1.33% |
| 91-100 | 13,244 | 0.20% |
| Above 100 | 692 | 0.01% |